# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## 2019 മെയ് 29, ബുധൻ

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.512

വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്

**ചോദ്യം**

**ശ്രീ. എസ്.ശർമ്മ**

**മറുപടി**

**ഡോ. ടി.എം. തോമസ് ഐസക്ക്**
**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| വൈപ്പിൻ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിലെ പ്രിൻസിപ്പൽ തസ്തിക അടക്കമുള്ള അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാത്തത് മൂലം വിവിധ തരത്തിലുള്ള അക്രഡിറ്റേഷനുകൾ ലഭിക്കുന്നതിൽ കാലതാമസം നേരിടുമെന്നതിനാൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കുമോ? | വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിലെ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും മാത്തമാറ്റിക്സിനും കൊമേഴ്സിനും രണ്ട് അദ്ധ്യാപക തസ്തികകൾ വീതം സൃഷ്ടിക്കുന്നതിന് അനുമതി നൽകുകയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മറ്റുള്ള വിഷയങ്ങളിലെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി കോളേജിലെ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും സമാന കേസുകൾ ഉണ്ടെങ്കിൽ അവ കൂടി പരിശോധിച്ച് ഒറ്റ പാക്കേജായി സമർപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. നിലവിൽ അദ്ധ്യാപക, പ്രിൻസിപ്പൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ ഇല്ല. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ ഉത്തരവുകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**